# നിർഭയ

ഓഗസ്റ്റ്/സെപ്റ്റംബർ 2017 VOL. 1 • ISSUE 3 • PAGES 4 • PUBLISHED FROM KADUTHURUTHY • FOR PRIVATE CIRCULATION ONLY
ഐ.പി.സി. വൈക്കം സെന്റർ സോദരി സമാജം പ്രസിദ്ധീകരണം

**അധ്യാപകർ, വിദ്യാർഥി സംഘടനാനേതാക്കൾ, മതാധ്യാപകർ, പ്രഭാഷകർ, ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങി ബന്ധുക്കൾ, രണ്ടാനച്ഛൻ, സഹോദരൻ എന്നിങ്ങനെ വേട്ടക്കാർ മാറിമാറിയെത്തുമ്പോഴും ജനിച്ച് മാസങ്ങൾ പിന്നിട്ട കുഞ്ഞുങ്ങൾ മുതൽ തൊണ്ണൂറു പിന്നിട്ട വയോധിക വരെയുള്ള സ്ത്രീകൾ ഇരകളായി തുടരുന്നു...**

## ഇരകൾ വർദ്ധിക്കുന്ന കാലം...!

സ്ത്രീകൾക്കെതിരായ അതിക്രമം മുമ്പെങ്ങുമില്ലാത്ത വിധം വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന കാലമാണിത്. തികച്ചും അരക്ഷിതമായൊരു സമൂഹത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുന്നു എന്നത് വാസ്തവമാണ്. സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, ആത്മീയ, വിദ്യാഭ്യാസ മേഖലയിലെല്ലാം പീഡനവും ബലാത്സംഗവുമൊക്കെ പതിവ് സംഭവങ്ങളായിരിക്കുന്നു. പൊലീസ് ക്രൈം റെക്കോഡ്സ് ബ്യൂറോയിലെയും വനിത കമീഷന്റെയുമൊക്കെ കണക്കുകൾ ഭീതിയുളവാക്കുന്നതാണ്. പത്ത് വർഷത്തിനപ്പുറം ലൈംഗികമോ അല്ലാത്തതോ ആയ അക്രമങ്ങളെക്കുറിച്ചുള്ള വാർത്തകൾ അധികം കേൾക്കാനില്ലായിരുന്നു. അന്നൊക്കെ സ്ത്രീകൾ പരിപൂർണ്ണ സുരക്ഷിതരായിരുന്നെന്നോ അക്രമങ്ങൾ നേരിടേണ്ടിവന്നിരുന്നില്ലെന്നോ അതിനർത്ഥമില്ല. വീടകങ്ങളിൽപ്പോലും കുട്ടികൾ ഉൾപ്പെടെ സ്ത്രീകൾ പീഡിക്കപ്പെട്ടപ്പോൾ അത് പുറംലോകം അറിഞ്ഞില്ലെന്നു മാത്രം. അറിയിക്കാനുള്ള സ്വാതന്ത്ര്യമോ അവകാശമോ പോലും അവൾക്ക് നിഷേധിക്കപ്പെട്ടിരുന്നു എന്നതാണ് സത്യം. എന്നാൽ ഇരയാക്കപ്പെടുന്നവർ പരാതിയുമായി മുന്നോട്ടുവരാനുള്ള ആർജ്ജവം കാണിച്ചതോടെയാണ് കേസ് ഷീറ്റുകൾ വർധിച്ചതും മാധ്യമങ്ങൾ അവയെ പിന്തുടർന്ന് വാർത്തകൾ തേടുന്നതും.



**അമ്പിളി ഷാനവാസ്**

1997ൽ കേരള രാഷ്ട്രീയത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട സംഭവമാണ് ഐസ്ക്രീം പാർലർ കേസ് എന്ന പേരിൽ അറിയപ്പെടുന്ന പെൺവാണിഭ കേസ്. മന്ത്രിയായിരുന്ന മുസ്ലീം ലീഗ് നേതാവിന്റെ രാജിയിലേക്ക് നയിച്ചത് കേസിലെ ഇരയായ യുവതിയുടെ തുറന്നുപറച്ചിലായിരുന്നു. ഇരയുടെ വാക്കുകളെ സമൂഹം ഏറ്റെടുത്തു. (ഇരയുടെ മനംമാറ്റവും കേസിന്റെ ദിശാവ്യതിയാനവുമൊക്കെ പുനർവിചിന്തനം ചെയ്യേണ്ട വിഷയമാണ്). ഉത്തർപ്രദേശിലും ഉത്തരാഖണ്ഡിലും ഡൽഹിയിലും കേരളത്തിലുമൊക്കെ മന്ത്രിയും എം.എൽ.എയും ഉൾപ്പെടെ ജനപ്രതിനിധികളുടെ സ്ഥാനം തെറിപ്പിച്ച ഇരകളുടെ വെളിപ്പെടുത്തലുകൾ ഏറെയുണ്ടായിട്ടുണ്ട്. ഏറ്റവുമൊടുവിൽ 2017ൽ കേരള മന്ത്രിസഭയിലെ ഒരു മന്ത്രിക്ക് പദവി നഷ്ടപ്പെട്ടപ്പോൾ എം.എൽ.എ, മാധ്യമപ്രവർത്തകൻ എന്നിവർ ജയിലിലായി. സഹപ്രവർത്തകയെ ബലാത്സംഗം ചെയ്യാൻ ക്വട്ടേഷൻ കൊടുത്ത മലയാള സിനിമയിലെ ജനപ്രിയ നായക നടൻ ജയിലിലുള്ളിലായതും ഇരയാക്കപ്പെട്ടവൾ തന്റേടത്തോടെ മുന്നോട്ടുവന്നതുകൊണ്ട് മാത്രമാണ്.

അധ്യാപകർ, വിദ്യാർഥി സംഘടന നേതാക്കൾ, മത അധ്യാപകർ, പ്രഭാഷകർ, ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങി ബന്ധുക്കൾ, രണ്ടാനച്ഛൻ, സഹോദരൻ എന്നിങ്ങനെ വേട്ടക്കാർ മാറിമാറിയെത്തുമ്പോഴും ജനിച്ച് മാസങ്ങൾ പിന്നിട്ട കുഞ്ഞുങ്ങൾ മുതൽ തൊണ്ണൂറു പിന്നിട്ട വയോധിക വരെയുള്ള സ്ത്രീകൾ ഇരകളായി തുടർന്നു. മാനസിക സംഘർഷവും സമൂഹത്തിന്റെ പരിഹാസച്ചിരികളിലും മാനാഭിമാനങ്ങളുടെ കണക്കെടുപ്പുകളിലും തളർന്ന് ജീവിതകാലം എങ്ങനെയെങ്കിലും തള്ളിനീക്കാൻ വിധിക്കപ്പെട്ടവരെന്ന തലക്കുറി പേറി സ്ത്രീകൾ ഒതുങ്ങിക്കൂടിയപ്പോൾ വേട്ടക്കാർ ഇവിടെ വളർന്നുതുടങ്ങുകയായിരുന്നു. എന്നാൽ ശരീരമെന്ന അവകാശത്തിനുമേൽ അതിക്രമിച്ചുകയറി ഫണം വിടർത്തിയാടിയവർ സമൂഹത്തിൽ നെഞ്ച് വിരിച്ചുനടക്കുമ്പോൾ ചെയ്യാത്ത തെറ്റിന് പഴി കേൾക്കാൻ എന്തിന് തയ്യാറാകണം എന്ന സ്ത്രീകളുടെ തിരിച്ചറിവാണ് മാറ്റങ്ങൾക്ക് കാരണമായത്.



അടുത്തിടെ ആക്രമിക്കപ്പെട്ട യുവനടി പരാതിയുമായി മുന്നോട്ടുവരാൻ കാണിച്ച ധൈര്യത്തെ പിന്തുണച്ച് സഹപ്രവർത്തകരും സമൂഹവും ഒപ്പം നിന്നു. അതിനെത്തുടർന്ന് കഴിഞ്ഞ ഏതാനും മാസത്തിനുള്ളിൽ സമാന അനുഭവങ്ങൾ വിവരിച്ച് ഇരകൾ രംഗപ്രവേശം ചെയ്തതോടെ രാഷ്ട്രീയക്കാരനും അധ്യാപകനും മാധ്യമപ്രവർത്തകനുമൊക്കെ ജയിലിലായതും കാണാനായി. രാജ്യത്ത് നിലനിൽക്കുന്ന നിയമ വ്യവസ്ഥയിലുള്ള വിശ്വാസം ഒന്നുകൊണ്ടു മാത്രമല്ലിത്. ആരോപിതനായവൻ കുറ്റം തെളിയിച്ചു കഴിഞ്ഞും കേസും അപ്പീലുമൊക്കെയായി ദീർഘനാൾ ജയിലിൽ സുഖവാസം അനുഭവിക്കുന്ന നാടാണിത്. പെട്ടെന്നൊരു നീതിയും ശിക്ഷയും ഇപ്പോഴും വേട്ടക്കാർക്ക് ലഭ്യമല്ല. എന്നാൽ നിശബ്ദയാക്കി ഇനിയും കാര്യങ്ങൾ സാധിപ്പിക്കാമെന്ന ആണിന്റെ ധാർഷ്ട്യം കലർന്ന ധാരണയെ കടയ്ക്കൽ വെട്ടുകയാണ് മുഖവും പേരും മറച്ചുവെക്കാതെ മുന്നോട്ടുവരുന്ന ഇരകൾ ചെയ്യുന്നത്. വേട്ടക്കാരന്റെ മനസ് സൂക്ഷിക്കുന്ന സമൂഹത്തിന്റെ സർട്ടിഫിക്കറ്റ് തങ്ങൾക്ക് വേണ്ടെന്ന തുറന്നുപറച്ചിൽ, സ്വന്തം ശരീരവും ജീവിതവും എങ്ങനെ പാകപ്പെടുത്തണമെന്ന് തങ്ങൾക്കറിയാമെന്ന ഉശിരുള്ള മറുപടി കൂടിയാണിത്. ഭീഷണിക്കും വൻ വാഗ്ദാനങ്ങൾക്കും വശംവദരായി വാക്കുകൾ പിൻവലിക്കാത്ത നിർഭയരായി സ്ത്രീകൾ മാറട്ടെ. ഉഭയ സമ്മതപ്രകാരം ലൈംഗികബന്ധത്തിൽ ഏർപ്പെട്ടശേഷം വാക്കും നിബന്ധനകളും ലഭിച്ചിരുന്ന ആനുകൂല്യങ്ങളും തെറ്റുമ്പോൾ പീഡനക്കേസും ഉയർത്തിപ്പിടിച്ചെത്തുന്ന സ്ത്രീകളേ നിങ്ങൾക്കിതിൽ സ്ഥാനമില്ല.

## വൈക്കം സെന്ററിന്റെ സോദരി സമാജത്തിന് പുതിയ ഭാരവാഹികൾ


ഓമന രാജു


റെയ്ച്ചൽ ശശീന്ദ്രൻ


പൊന്നമ്മ ജോണി


മെറീനാ സജി


കുഞ്ഞുമോൾ ദേവസ്യ

കുറുപ്പുന്തറ: വൈക്കം സെന്ററിന്റെ സോദരീ സമാജത്തിന്റെ ജനറൽ ബോഡി യോഗം 2017 ജൂലൈ 13ന് ഇരവിമംഗലം പെനിയേൽ ഹാളിൽ നടന്നു.

2017–2018 വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ഓമന രാജു (പ്രസിഡന്റ്), റെയ്ച്ചൽ ശശീന്ദ്രൻ (വൈസ് പ്രസിഡന്റ്), പൊന്നമ്മ ജോണി (സെക്രട്ടറി), മെറീനാ സജി (ജോ. സെക്രട്ടറി), കുഞ്ഞുമോൾ ദേവസ്യ (ട്രഷറാർ). കമ്മിറ്റി അംഗങ്ങൾ– മിനി തോമസ്, അന്നമ്മ ചാക്കോ, ബബിത ജോമോൻ, ഏലിയാമ്മ ജയിംസ്, ചിന്നമ്മ ദേവസ്യ, ലിജ റെജി, അമ്മിണി ചാക്കോ, പ്രേമ നോബിൾ, ജെസ്സി ശാമുവേൽ, അന്നമ്മ രാജു.

## രോഗികൾക്ക് ആശ്വാസമായി മെഡിക്കൽ ക്യാമ്പ്




വൈക്കം. ഐപിസി വൈക്കം സെന്റർ ഇവാഞ്ചിലിസം ബോർഡും ഉദയനാപുരം പഞ്ചായത്തും ചേർന്ന് സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് നൂറ് കണക്കിന് രോഗികൾക്ക് ആശ്വാസമായി. വൈക്കപ്രയാർ തോട്ടാറമിറ്റം എസ്എൻഎൽപി സ്കൂളിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് വൈക്കം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.വി. ഉദയകുമാർ ഉദ്ഘാടനം ചെയ്തു. വൈക്കം സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഉദയനാപുരം ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ദിവാകരൻ മാസ്റ്റർ, പഞ്ചായത്ത് മെമ്പർ അഡ്വ. പി.കെ. സുരേഷ് ബാബു, സിഎസ്ഐ മധ്യ കേരളാ മഹാ ഇടവക കൗൺസിലർ അഡ്വ. ജയിംസ് ജോസഫ്, ഐപിസി വൈക്കം സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ. എം.പി. ജയിംസ്, സെക്രട്ടറി പാസ്റ്റർ. റജി ചെറിയാൻ, ട്രഷറർ ബ്രദർ. കെ.കെ. ശശീന്ദ്രൻ എന്നിവർ ആശംസകൾ അറിയിച്ചു. ഐപിസി വൈക്കം സെന്റർ ഇവാജിലിസം ബോർഡ് ചെയർമാൻ പാസ്റ്റർ മാർട്ടിൻ വർഗീസ് സ്വാഗതവും ഇവാജിലിസം ബോർഡ് സെക്രട്ടറി പാസ്റ്റർ വി.കെ. സാബു നന്ദിയും പറഞ്ഞു. ഡോ. കെ.റ്റി. യോഹന്നാൻ, ഡോ. ലത യോഹന്നാൻ, ഡോ. ദുർഗ, ഡോ. ജിത്തു എന്നിവർ ചികിത്സകൾക്ക് നേതൃത്വം നൽകി. ഏകദേശം നൂറ്റിയമ്പതിലധികം രോഗികൾ ചികിത്സ തേടിയെത്തി. വൈക്കം സെന്ററിന്റെ ആംബുലൻസ് സേവനവു ക്യാമ്പിലുണ്ടായിരുന്നു.

**നിർഭയ**

*നീതിയുടെ ശബ്ദം*
*കാലത്തിന്റെ ശബ്ദം*

## ക്രിസ്ത്യൻ ലേഡീസ് ഫെലോഷിപ്പ് വനിതാ സമ്മേളനം

തലയോലപ്പറമ്പ്: ക്രിസ്ത്യൻ ലേഡീസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20 ബുധനാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ കെ.ആർ ഓഡിറ്റോറിയത്തിൽ വച്ച് വനിതാ സമ്മേളനം. ഐ.പി.സി വൈക്കം സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം ചെയ്യും. ശ്രീമതി ലില്ലിക്കുട്ടി ശാമുവേൽ ബാംഗ്ലൂർ ദൈവവചനം പ്രസംഗിക്കും. ഷീല ദാസ് നേതൃത്വം നൽകും. ഫോൺ: 9895235535, 8547906689

എഡിറ്റോറിയൽ

# വീഴാതെ സൂക്ഷിക്കുക

ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ യശസ്സുയർത്തുന്നതിന് കാരണമായിത്തീർന്ന സുപ്രധാന ഘടകം ഇന്ത്യയുടെ വിദേശനയമാണ്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം മിക്ക ലോകരാഷ്ട്രങ്ങളും രണ്ടു ചേരിയിലായപ്പോൾ ഒരു ചേരിയിലും പെടാതെ ചേരിചേരാനയം പിൻതുടർന്നു. തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടായപ്പോൾ ഇന്ത്യ സ്വതന്ത്രവും നിഷ്പക്ഷവുമായ അഭിപ്രായം നല്കി. ഇന്ത്യയുടെ ശബ്ദത്തിന് ലോകം കാത്തിരുന്നു. ചേരിചേരാനയം നിഷ്ക്രീയത്വമല്ല, തള്ളേണ്ടതു തള്ളുവാനും, കൊള്ളേണ്ടതു കൊള്ളുവാനുമുള്ള ആർജ്ജവമാണ്. വ്യക്തികളും സ്ഥാപനങ്ങളും ഈ നയം തിരിച്ചറിയേണം. ഒരു സമൂഹത്തിൽ സ്ഥാനങ്ങൾ – കുടുംബം, സഭ – ഏതുമാകട്ടെ അതിൻറെ ഉയർച്ചയ്ക്ക് നിഷ്പക്ഷവും സ്വതന്ത്രവുമായ സമീപനം ഉത്തരവാദിത്വപ്പെട്ടവർ സ്വീകരിക്കേണ്ടതാകുന്നു. പ്രശ്നങ്ങൾ തുറന്ന ചർച്ചയിലൂടെ പരിഹരിക്കാതെ പ്രശ്നങ്ങളില്ലായെന്നു നടിച്ചാൽ അത് കനലുകൾ മൂടിയിട്ട ചാരത്തിനു സമമാണ്. മറ്റുള്ളവരും ശ്രേഷ്ഠരാണെന്ന് എണ്ണുവാൻ കഴിയണം.

**യേശുവിന്റെ തേജസ്സും മനോഹരത്വവും ഓരോ വ്യക്തിയിലും ദർശിക്കുവാൻ ഇടയാകട്ടെ. ദൈവമുമ്പാകെ വിലയേറിയതായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.**




ഭാരതീയ സംസ്കാത്തിൻറെ മുഖമുദ്രയാണ് നാനാത്വത്തിൽ ഏകത്വം. നൂറ്റാണ്ടുകൾക്കപ്പുറമായ് നേടിയെടുത്ത സാംസ്കാരിക പൈതൃകം വർണ്ണ വർഗ്ഗ മത ഭാഷ പ്രാദേശിക ഭേദങ്ങൾക്കപ്പുറമായ് നാം ഭാരതീയനാണെന്നുള്ള ഭാവം നമ്മിൽ ഉണ്ടാവണം. വൈജാത്യങ്ങൾക്കിടയിലെ ഏകതാഭാവം. എന്നാൽ ഈ ചിന്തയ്ക്ക് കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഭക്ഷണത്തിൻറേയു മൃഗത്തിൻറേയും മറ്റും പേരിൽ അതിനീചമായി മനുഷ്യൻ വധിക്കപ്പെടുന്നു. ഓരോ ഇന്ത്യക്കാരനേയും ഇതു വേദനിപ്പിക്കുന്നു. മനുഷ്യൻ വിവേകഹീനനായാൽ മൃഗത്തിനു തുല്യനാകുന്നു.

''അടിതെറ്റിയാൽ ആനയും വീഴും'' ഇന്നലെയും ഇന്നും എന്നും അങ്ങിനെ തന്നെ. അടിതെറ്റിയാൽ അദ്ധാപകനും വിദ്ധ്യാർത്ഥിയും, പാസ്റ്ററും വിശ്വാസിയും പുരോഹിതനും സന്യാസിയും, എം. എൽ.എയും മന്ത്രിയും, നടനും, ഡോക്ടറും, എഞ്ചിനീയറും ഏവരും വീഴും. വീഴാതെ നില്കുവാൻ ''നിർഭയയ്ക്കു'' പറയുവാനുള്ളത് ദൈവത്തിൽ ആശ്രയിക്കുക, ദൈവത്തെ ഭയപ്പെടുക, ദൈവശക്തിയിൽ വിശ്വസിക്കുക, ദൈവ വചനത്തിൽ വസിക്കുക.

# ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ

ഏതു മനുഷ്യന്റെയും ഉൾത്തടത്തിൽ ഉരുവാകുന്ന ചിന്തയാണ് സൗന്ദര്യം എന്നുള്ളത്. പ്രത്യേകിച്ച് സ്ത്രീകൾ ഈ കാര്യത്തിൽ അതീവ താത്പര്യമുള്ളവരാണ്. ഹൗവ്വായെ ദൈവം സൃഷ്ടിച്ചപ്പോൾ മനുഷ്യസൃഷ്ടിയുടെ സൗന്ദര്യവർദ്ധക വസ്തുവിന്റെ സൗന്ദര്യമല്ല ഹൗവ്വയിൽ പ്രകടമായിരുന്നത്. മറിച്ച് ദൈവം കൊടുത്ത ദൈവിക സൗന്ദര്യമായിരുന്നു. ആ സൗന്ദര്യമാണ് എന്നും നിലനിൽക്കുന്നത്. ഒരാളുടെ സൗന്ദര്യം മറ്റൊരാൾക്ക് ഇല്ല എന്ന വ്യത്യാസം മാത്രം. ദൈവം നൽകിയതിനേക്കാൾ കൂടുതൽ ആഗ്രഹിക്കുന്നതും നല്ലതല്ല. വിശുദ്ധ ബൈബിൾ പറയുന്നു നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (1 പത്രൊാസ് 3: 3,4). തലമുടി, ആഭരണം, വസ്ത്രധാരണം ഇവയെല്ലാം താത്കാലികവും ബാഹ്യവുമാണ്. എന്നാൽ സൗമ്യതയും സാവധാനതയും ഉള്ള മനസ് എന്നത് ആത്മികവും നിത്യവും ആന്തരികവും ആണ്. ഇത് ഹൃദയത്തിന്റെ സൗന്ദര്യമാണ്. ബാഹ്യമായ ആകർഷണത്തിനുവേണ്ടി ധരിക്കുന്നതെല്ലാം നശിച്ചുപോകും. ബാഹ്യസൗന്ദര്യത്തിനല്ല ആന്തരിക സൗന്ദര്യത്തിനാണ് പ്രാധാന്യം. പുറമെയുള്ള നിറമോ അലങ്കാരമോ ഒന്നും വിലയില്ലാത്തതാണ്. സൗന്ദര്യവും വിവേകവും അപൂർവ്വമായേ ഒരുമിച്ചു കാണുകയുള്ളൂ. ഇന്ന് എത്രയോ സ്ത്രീകൾ വിചിത്രമായ വസ്ത്രധാരണം ചെയ്ത് പടവളംത്തിന് കാവൽ നിൽക്കുന്ന മോഡലിലുള്ള ഡ്രസ്സുകൾ ധരിച്ചുനടക്കുന്നു. ചിലരുടെ വസ്ത്രം നിലത്തുകൂടി റോഡുകൾ വൃത്തിയാക്കുന്നു. പെൺകുട്ടികൾ ഇറുകി വസ്ത്രങ്ങളും ജീൻസും ടീഷർട്ടും ധരിച്ച് ഞെളിഞ്ഞുനടക്കുന്നു. ദൈവം ദാനം തന്ന സൗന്ദര്യം പോരാഞ്ഞിട്ട് ഇതെല്ലാം കാട്ടിക്കൂട്ടുന്നു. സഹോദരി, നീ ഇതിന് അടിമപ്പെട്ടിരിക്കുന്നുവെങ്കിൽ ഇപ്പോൾ നീ ഇതു ചെയ്തുകൊള്ളൂ. താമസിയാതെ നിന്റെ മുഖം കരിവാളിക്കും. ചിലർ വെളുക്കാൻ തേച്ചത് പാണ്ടായി. 1 തിമൊഥിയൊസ് 2:9 'അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം'. സഹോദരിമാരേ, യേശുവിന്റെ തേജസ്സും മനോഹരത്വവും ഓരോ വ്യക്തിയിലും ദർശിക്കുവാൻ ഇടയാകട്ടെ. ദൈവമുമ്പാകെ വിലയേറിയതായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.





# ഗർവ്വോടെ ഗർദ്ദഭം




ബബിത ജോമോൻ

ഗർദ്ദഭം എന്നൊന്നും കേട്ട് ഞെട്ടണ്ട. കാരണം നിങ്ങളറിയാതെ പലപ്പോഴും നിങ്ങളുടെ വീട്ടിലെ വിളിക്കാത്ത അതിഥിയായി ക്ഷണത്തിൽ പ്രത്യക്ഷപ്പെടുന്നയാളാണ് ഞാൻ. ഞങ്ങളുടെ പൂർവ്വികരുടെ കൈയിലിരുപ്പ് കൊണ്ടാവാം തങ്ങൾ ഈ ബഹുമതിയ്ക്കർഹരായത്. കുടുംബസദസുകളിൽ പ്രധാനമായും മാതാപിതാക്കളുടെയും, കുട്ടികളുടെയും ഇടയിൽ, സ്കൂളിൽ അധ്യാപകരുടെയും കുട്ടികളുടെയും ഇടയിലൊക്കെ ഞാൻ ചിരപരിചിതനാണ്. പരീക്ഷകളിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് എന്റെ സ്വന്തം പേര് മറ്റുപലർക്കും ഓമനപ്പേരായി മാറുന്നത്. ഓ... ഞാനെന്നെത്തന്നെ പരിചയപ്പെടുത്തി മടുത്തു. ഇപ്പോൾ നിങ്ങൾ മനസ്സിൽ ഒരു പ്രാവശ്യമെങ്കിലും ഉരുവിട്ടുകാണും കഴുത. ഇവന് കാര്യം പറഞ്ഞ് തുലച്ചുകൂടെ എന്ന്. ഈ കഴുത തന്നെയാണ് ഞാനെന്ന മഹത് വ്യക്തി. എന്റെ പേരിന്റെ മറ്റൊരർത്ഥമാണ് ഗർദ്ദഭം എന്നുള്ളത്.

വിശുദ്ധവേദപുസ്തകത്തിൽ വായ്തുറന്നിട്ടുള്ള രണ്ടു ജീവികളിൽ ഒരാൾ ഞാനാണ്. പിന്നൊരാൾ പാമ്പാണ്. ഉല്പത്തിയിലെ അബ്രഹാം പിതാവിന്റെ യാഗം മുതൽ തങ്ങളുടെ പൂർവ്വികരുണ്ട്. ദൈവസന്നിധിയിൽ ഒരു അശുദ്ധമൃഗമാണെങ്കിലും (ലേവ്യ 11:27) മനുഷ്യന് വിശ്രമം നല്കിയ 7–ാം ദിവസം ഞങ്ങളെയും ദൈവം കരുതി (പുറ 23:12). പുരാതനകാലം മുതൽ ഞാനൊരു പരസഹായിയാണ്. ചുമടെടുത്തും പണിയെടുത്തും ഞാൻ വലഞ്ഞുപോയിട്ടുണ്ട. പക്ഷേ അതൊക്കെ നിശബ്ദം സഹിച്ച് ഞാൻ ജീവിച്ചുപോരുകയാണ്. പാരമ്പര്യം അവകാശപ്പെടുവാൻ ധാരാളം വകയുണ്ട്. പ്രവാചകനെ തിരുത്തുവാനും, ന്യായാധിപൻ സംഹാരം നടത്തുവാനും ഉപയോഗിച്ചത് ഞങ്ങളെയാണ്. തിരനാവായി തിരുശബ്ദമോതേണ്ട നാവുകൾ കൊണ്ട് ശാപം ചൊരിയുവാനായി പുറപ്പെട്ട പ്രവാചകനെതിരെ കോപം പൂണ്ട യഹോവയുടെ ദൂതനെ കാണുവാൻ അവന്റെ കണ്ണുകൾ തുറന്നില്ല. മന്നവൻ മണ്ണാൽ മെടഞ്ഞ മനുഷ്യൻ മറനീക്കിക്കാണുവാൻ മടിച്ചുനിന്നപ്പോൾ, മാനമേതുമില്ലാത്ത എന്റെ പൂർവ്വികന്റെ കണ്ണു ദൂതൻ തുറപ്പിച്ചു. ഈ പാരമ്പര്യവാദമൊന്നുമല്ല എന്റെ ഗർവ്വിന് കാരണം യേശുവിന്റെ ഇഹലോകവാസത്തിൽ തന്റെ വാഹനമൃഗം ഞാനായിരുന്നു. യരുശലേമിലേക്കുള്ള അന്ത്യയാത്രയിൽ ഞാനായിരുന്നു കൂടെ. ദുർഗന്ധം വമിക്കുന്ന വിഴുപ്പുഭാണ്ഡവും പേറി ജീവിതത്തിന്റെ ഭാരം മനസിലേറ്റി വിങ്ങുന്ന ഓർമ്മകളുമായി, ഏന്തിയും, വലിഞ്ഞും നടന്നിരുന്ന ഞങ്ങളുടെ പൂർവ്വികരെക്കുറിച്ചോർത്തപ്പോൾ എന്റെ കണ്ണുകൾ ഈറനണിഞ്ഞു.

അതേ, ഇതുവരെ ആരും കയറീട്ടില്ലാത്ത എന്റെ മേൽ പ്രഥമ സവീരിക്കായ് ഇന്നിതാ പാരിന്റെ ഉടയവൻ, സൃഷ്ടിതാവ്, മഹാരാജാവ്, എന്താ എനിക്കറിയില്ല എങ്ങനെയൊക്കെ വർണ്ണിക്കണമെന്ന്. താൻ സൗമ്യനായി എന്റെ മേൽ കയറുവാൻ വരുന്നു. അതാ, ചുറ്റുമുള്ള ആളുകൾ തങ്ങളുടെ വിലകൂടിയ വസ്ത്രങ്ങൾ എന്റെ മേലും, ഞങ്ങൾ നടക്കുന്ന വഴിയിലും വിരിക്കുന്നു. ആനന്ദത്താൽ തുള്ളിച്ചാടണമെന്ന് തോന്നി. പക്ഷേ ആവില്ലല്ലോ അത്യൂന്നതനെയല്ലേ ഞാൻ കൊണ്ടുപോകുന്നത്. മനുഷ്യർ പുച്ഛിച്ചു തള്ളിയതെങ്കിലും ഉടയവൻ മാനിച്ചു. പ്രിയരെ പറയൂ, എന്റെ ഗർവ്വിന് എന്തെങ്കിലും കുഴപ്പമുണ്ടോ? തിരുശബ്ദത്തെ തിരിച്ചറിയുവാനും, തിരുദേഹത്തെ വഹിപ്പാനും ഈ മണ്ണിൽ ആർക്കാ ഭാഗ്യമുണ്ടായത്? വെറും കഴുത ആയ എനിക്ക്, അതാ സ്നേഹിതരെ എന്റെ ഈ ഗർവ്വ്.



# ദോഷത്തിനു കൂട്ടു നിന്ന ഭാര്യ



ഷീലാ ദാസ്, കീഴൂർ

ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ അപ്പോസ്തലന്മാരുടെ കയ്യാൽ നടക്കുമ്പോൾ തന്നെ, എല്ലാവരും ഭയപ്പെടത്തക്ക നിലയിൽ പരിശുദ്ധാത്മാവു പ്രവർത്തിച്ച സംഭവമാണു ചിന്താവിഷയം. അനന്യാസ് എന്ന മനുഷ്യനോട് നിലം വിൽക്കാൻ ആരും ആവശ്യപ്പെട്ടില്ല. അതു പോകട്ടെ വിറ്റിട്ട് അതിൽ കുറെ എടുത്തു മാറ്റാനും ആരും പറഞ്ഞില്ല. മറ്റുള്ളവർ ചെയ്യുന്നത് കണ്ടപ്പോൾ ബഹുമാനവും മാന്യതയും ആഗ്രഹിച്ച് ചെയ്ത പ്രവർത്തിയ്ക്ക് ലഭിച്ച ശിക്ഷ വളരെ ദു:ഖകരമായിത്തീർന്നു. ഇന്നു ദൈവസഭയിൽ.ദൈവഭയം നഷ്ടപ്പെട്ടതുമൂലം കാട്ടിക്കൂട്ടുന്ന ദുഷ്പ്രവർത്തികൾ അധിക കാലം ദൈവം നോക്കിനിൽക്കില്ല. സ്ഥാനത്തിനും പദവിയ്ക്കും വേണ്ടി പണം വാരി എറിയുമ്പോൾ ഓർക്കുക, കാണുന്ന ഒരുവൻ എല്ലാക്കാലവും ക്ഷമിച്ചെന്നു വരില്ല.

ഇവിടെ വിഷയം ഭാര്യയുടെ അറിവോടുകൂടെയാണു എന്നതാണു. (അപ്പൊ. പ്രവ 5:2) ആദ്യം മുതൽ തന്നെ എല്ലാം ഭാര്യയോട് ആലോചിചിരുന്നു എന്നത് ഒരു നല്ല മാതൃകയാണു. വീട്ടിൽ ആലോചിച്ചു ചെയ്യുന്ന ഭർത്താക്കന്മാർ കുറവാണു. ചിലർ മറ്റു ചിലരുടെ ഭാര്യയോടു ചോദിച്ചാലും സ്വന്തം ഭാര്യയോടു ചോദിക്കില്ല. വിവരം കുറവായതുകൊണ്ടാണു എന്ന് പറയും. പക്ഷേ വിവരം കുറഞ്ഞതിനെ അറിഞ്ഞു തന്നത് ദൈവമല്ലേ?. അങ്ങനെയെങ്കിൽ.ഭാര്യയ്ക്കു വേണ്ടി പ്രാർത്ഥിക്കുക ദൈവം വ്യത്യാസം വരുത്തും. സഫീര എന്ന വാക്കിന്റെ. അർത്ഥം സുന്ദരി എന്നാണു. വിവേകമില്ലാത്ത സുന്ദരി പന്നിയുടെ മൂക്കിൽ പൊന്മൂക്കുത്തി പോലെയത്രേ.ഈ സ്ത്രീയ്ക്ക് ഭർത്താവിനോട് പറയാമായിരുന്നു. നമ്മളോട് ആരും ആവശ്യപ്പെടാതെയാണിത് ചെയ്യുന്നത്. പരിശുദ്ധാത്മാവിന്റെ മുൻപിൽ നാം തെറ്റുകാരാകരുത്.അതുകൊണ്ട് നാം ഒട്ടും എടുത്തു മാറ്റണ്ട എന്ന് .എന്നാൽ ദോഷകരമായ കാര്യം ചെയ്യാൻ ആഗ്രഹിച്ച ഭർത്താവിനെ തിരുത്തുവാൻ ശ്രമിക്കാതെ, അവന്റെ പാപത്തിൽ അവളും ഓഹരിക്കാരിയായി. അതു മാത്രവുമല്ല പറഞ്ഞു ഒത്തതുകൊണ്ട് സത്യം പറഞ്ഞില്ല, മാത്രമല്ല സ്വന്തം ഭർത്താവിന്റെ ശവസംസ്കാരശുശ്രൂഷ പോലും കണ്ടില്ല. ഇതു എല്ലാ ഭാര്യമാർക്കും ഒരു പാഠമാകണം. സത്യം വിട്ട് സംസാരിക്കില്ല എന്നും എന്റെ അറിവോടെ എന്റെ ഭവനത്തിൽ. ഒരു ദൈവഹിതം അല്ലാത്ത പ്രവർത്തി ചെയ്യുവാൻ ഞാൻ കൂട്ടുനിൽക്കില്ല എന്നും തീരുമാനിക്കാം. ഭർത്താവിന്റെ ജീവിതത്തിൽ ഒരു വേള പരാജയം സംഭവിച്ചാലും, നാം അതിനെ തിരുത്തുന്നവരാകണം. ചിലപ്പോൾ അവർ അംഗീകരിച്ചില്ലെന്നു വരാം .എന്നാൽ പ്രാർത്ഥനാമുറിയിൽ വിഷയം കൊണ്ടുവന്നാൽ ദൈവം അതിന്മേൽ പരിഹാരം വരുത്തും. മാത്രമല്ല നാം മുഖാന്തിരം അവർ വിടുവിക്കപ്പെടും.അവർ അത് ശ്രദ്ധിക്കാതിരുന്നാൽ നമ്മുടെ ശിക്ഷാവിധിയിൽ നിന്നും നമുക്കു ഒഴിഞ്ഞു നിൽപ്പാൻ കഴിയും. ഭാര്യ കുടുംബത്തെ അനർത്ഥത്തിൽ നിന്നും വിടുവിക്കുന്നവൾ ആകണം അല്ലെങ്കിൽ മാനസാന്തരത്തിനുപോലും സമയം കിട്ടാതെ നശിച്ചുപോയെന്നു വരും. സൂക്ഷ്മതയോടെയും ദൈവഭക്തിയോടെയും നമ്മെ ഏൽപ്പിച്ച കുടുംബത്തെ ദൈവസന്നിധിയിൽ കൊണ്ടെത്തിക്കുവാൻ തക്കവണ്ണം അനുഗ്രഹിക്കപ്പെട്ട ഭാര്യയാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**ആഢംബരമനോഭാവങ്ങളേക്കാൾ ആത്മിക കാഴ്ചപ്പാടുകൾക്ക് മുൻതൂക്കം കൊടുക്കാം. ഇഹലോകത്തിൽ ജയാളിയും പരലോകത്തിൽ പരാജിതനുമാവാതെ, കർത്താവിന്റെ കണ്ണുകളിൽ മൂല്യമുള്ളവരായി മാറാൻ ബദ്ധപ്പെടാം.**

# അമൂല്യമായ രണ്ട് കാശ്



സിമി ഷിജോ

അമൂല്യമായിരുന്ന ആത്മിക കാഴ്ചപ്പാടുകൾക്ക് മൂല്യശോഷണം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആത്മികരായ പിതാക്കന്മാർ പ്രാധാന്യം നൽകിയ ദൈവിക ചിന്തകൾക്കും ഉടമ്പടികൾക്കും ആധുനിക ആത്മീയന്മാർ വിലകൽപ്പിക്കുന്നില്ല. പ്രാർത്ഥനയെന്നത് വിശ്വാസജീവിതത്തിന്റെ നട്ടെല്ലായിരുന്നു. എന്നാലിന്ന് പ്രാർത്ഥനയിൽ പോരാടുവാൻ സമയം ചിലവഴിക്കുന്നത് എന്തോ വലിയ നഷ്ടമാണെന്നു കരുതുന്നവരാണ് ഭൂരിഭാഗവും. വിശ്വാസത്താലുള്ള ജീവിതം എന്നത് ക്രിസ്തുഭക്തന്റെ ജീവിതാടിസ്ഥാനമായിരുന്നു. പക്ഷെ ഇന്നിന്റെ ജേതാക്കൾ വിശ്വാസികൾ എന്ന പേരിൽമാത്രം അതിനെ ഒതുക്കി നിർത്തുന്നു. ആരാധനയ്ക്കും ആത്മികകൂട്ടായ്മകൾക്കും പ്രാധാന്യം കൽപിക്കുകയും അതിനുവേണ്ടി ചിലവിടുന്നത് വലിയ പദവിയായി കണ്ടുകൊണ്ട് വസ്തവകകൾ പോലും വിറ്റുപെറുക്കി കൂട്ടായ്മകൾ നടത്തിയ പഴമയുടെ ആത്മിക കാഴ്ചപ്പാടിനും ഇന്ന് ശോഷണം നേരിട്ടിരിക്കുന്നു.

പ്രശസ്തിയുടെ കൊടുമുടിയിലെത്തുവാനുള്ള മാർഗ്ഗമായിട്ടു ഇന്നു സമ്പാദ്യം മാറിയിരിക്കുന്നു. ലാളിത്യവും സൗമ്യതയും താഴ്മയും മുഖമുദ്രയാക്കിയ ആ നാളുകളെ പിൻതള്ളിക്കൊണ്ട് ആഡംബരവും അഹങ്കാരവും അസമത്വവും പുഴുക്കുത്തുകളായി ആത്മീയഗോളത്തെ വലയ്ക്കുന്നില്ലേ? യാഥാർത്ഥ്യങ്ങളെ കാറ്റിൽപറത്തികൊണ്ട് ഒരുകൂട്ടം ഉയർച്ചയുടെ പടവുകൾ താണ്ടുവാൻ വെമ്പൽകൊള്ളുമ്പോൾ ആത്മിക സത്യങ്ങൾക്ക് വിലകൽപ്പിച്ച ഒരു ചെറിയകൂട്ടം ന്യൂനപക്ഷമായി, ഒറ്റപ്പെട്ടവരായി നിലകൊള്ളുന്നില്ലേ? നാടോടുമ്പോൾ നടുവേ ഓടാൻ, അതിലധികമായി പറഞ്ഞാൽ ലോകക്കാരിലൊരുവനേപ്പോലെയാകുവാൻ ബദ്ധപ്പെടുന്നവരുടെ ഇടയിൽ പ്രാകൃതനെന്നപോലെ ആത്മീയരായവർ അവഗണിക്കപ്പെട്ടു പോകുന്നത് യാഥാർത്ഥ്യമല്ല. ധനത്തിനും പ്രമാണിത്തത്തിനും നമ്മുടെ ഇടയിലും സ്വീകാര്യത ഏറിവരുമ്പോൾ, അങ്ങനെയുള്ളവർ ഉന്നതങ്ങളിൽ ശ്ലാഘിക്കപ്പെടുമ്പോൾ യാഥാർത്ഥ ഭക്തൻ ആരാലും ശ്രദ്ധിക്കപ്പെടാത്തവനായി ഒറ്റപ്പെട്ടു നിൽക്കുന്ന കാഴ്ചയല്ലേ നമുക്കിന്ന് സുപരിചിതം. ഇത്തരം പ്രവണതകൾ പലപ്പോഴും ഭക്തന്റെ ചുവടുകളിൽ നിരാശയും നിരാശ്രയബോധവും ഉയർത്തുമ്പോൾ, ഒന്നോർക്കണം യേശുകർത്താവ് പ്രമാണിത്തം പേറുന്ന ഭൂരിപക്ഷത്തേക്കാളുപരി വചനം കാക്കുന്ന ന്യൂനപക്ഷത്തെ അറിയുന്നവനാണ്. കർത്താവിന്റെ സന്നിധിയിൽ നീ അർപ്പിക്കുന്നത് എന്തുമാകട്ടെ – സ്തോത്രമോ, സ്തോത്രകാഴ്ചയോ ആരാധനയോ പ്രാർത്ഥനയോ ഏതായിരുന്നാലും അർപ്പിക്കുന്നവന്റെ മനോഭാവത്തിന് വിലമതിച്ച് നിന്റെ മൂല്യത്തെ വെളിപ്പെടുത്തന്നവനാണ് നിന്റെ വീണ്ടെടുപ്പുകാരനെന്നു മറന്നുപോകരുത്.

ഭൂരിപക്ഷം വരുന്ന പ്രമാണിത്തമേധാവിത്വത്തെ നിഷ്കരുണം അവഗണിച്ച നാഥൻ, നിസ്സാരരെന്നു പ്രമാണിത്തം വിലമതിച്ചവരെ മൂല്യമുള്ളവരാക്കി ഉയർത്തിയതായി തിരുവചനം ചൂണ്ടിക്കാണിക്കുന്നു. യേശുകർത്താവ് ഐഹിക ശുശ്രൂഷാവേളയിൽ ഒരിക്കൽ ആലയത്തിൽ നില്ക്കുമ്പോൾ അനേകർ കാണിക്കയർപ്പിക്കുന്നത് തന്റെ ശ്രദ്ധയിൽപ്പെട്ടു. ആഢ്യത്വവും പ്രൗഢിയും വെളിപ്പെടുത്തുന്നതരം കാണിക്കകൾ താൻ കണ്ടു. എന്നാൽ അതിനുനടുവിൽ പ്രൗഢിയുടെ തിളക്കമില്ലാത്ത ഒരു വ്യക്തിയേ അദ്ദേഹം ചൂണ്ടിക്കാണിക്കുകയാണ്. എന്തിനാണ് യേശു അത് ചെയ്തത്? മുകളിൽ പ്രതിപാദിച്ചതുപോലെ ധനത്തിന്റെ തിളക്കത്തേക്കാൾ യേശുവിനു പ്രധാനം മനോഭാവമായിരുന്നു. യേശു അർപ്പിക്കുവാൻ നീട്ടിയ കരത്തേക്കാളുപരി ഹൃദയത്തിന്റെ ആഴത്തിലടങ്ങിയ അർപ്പണമനോഭാവത്തെ കണ്ടു. നാവിന് മനപൂർവ്വമായി അർപ്പണം ചെയ്യാൻ തയ്യാറല്ല. കൂടുതൽ കൊടുക്കുന്നതിലൂടെ സ്വായത്തമാകുന്ന സ്ഥാനമാനങ്ങൾക്കാണു പ്രാധാന്യം. അതിനാലാവണം അധരാർപ്പണം വിട്ടുകളഞ്ഞ് ധനത്തിൽ മാത്രം അർപ്പണം ഒരുങ്ങിപോകുന്നു.

വൈധവ്യം നൽകിയ വേദനകളും പേറി നിസ്സഹായതയുടെയും ഒറ്റപ്പെടലിന്റേയും ഓർമ്മകളുമായാവാം ദൈവാലയത്തിലേക്ക് ആ വിധവ എത്തിയത്. ധനത്തിന്റെ പ്രൗഢിയിൽ തിളങ്ങി നിൽക്കുന്നവരുടെ ഇടയിൽ നിഷ്പ്രഭയായിട്ടാവാം അവൾ നിന്നത്. ആരെങ്കിലും തന്നെ ശ്രദ്ധിക്കും എന്നു ചിന്തിക്കുവാൻ പോലും അവൾക്കാവുകയില്ല. ധനവും പെരുമയുമില്ലാത്ത തന്നേപ്പോലെയുള്ളവർക്ക് തന്റെ ചുറ്റും നിൽക്കുന്ന ധനാഢ്യന്മാർ നൽകുന്ന ശ്രദ്ധ അവർക്കു നന്നായറിയാം. എന്നാൽ സർവകൃപാലുവും ആർദ്രവാനുമായ ഗുരുവിന്റെ മിഴികളിൽ സൂര്യപ്രഭവിതറുവാൻ അവൾക്ക് കഴിഞ്ഞു. പ്രിയരേ, ആൾക്കൂട്ടം എത്ര വലിയതായാലും ആർദ്രതയുള്ള കണ്ണുകൾക്ക് മറവായി ഒന്നുമില്ല. എല്ലാവരും കാണിക്കയർപ്പിക്കുമ്പോൾ അവൾ വീർപ്പുമുട്ടലോടെ തന്റെ കൈകൾ അമർത്തിപ്പിടിച്ച് അന്തരംഗത്തിൽ മന്ത്രിച്ചിരിക്കാം, ദൈവമേ, അധികം അർപ്പിക്കാനാശയുണ്ട്, എന്നാലിത് രണ്ടുകാശേയുള്ളു. വല്ലാത്ത ഒരു ഹൃദയസന്തോഷത്തോടെ നിറഞ്ഞ തൃപ്തിയോടെ അർപ്പിക്കുമ്പോൾ തനിക്കൊരു ബോധ്യമുണ്ടായിരുന്ന വൻതുകകളുയർപ്പിച്ചതിനിടയിൽ തന്റെ രണ്ട് കാശ് വിലപ്പെട്ടതാകയില്ല. നാം നിസ്സാരം എന്നു ചിന്തിക്കുന്നതും കർത്താവിന് വിലയേറിയതാണ്. ലാവണ്യം നിറഞ്ഞ ദൃഢസ്വരത്തിൽ അധികമിട്ടവൾ എന്ന അംഗീകാരം അവളെ ആശ്ചര്യപ്പെടുത്തി. മാന്യത കർത്താവിൽ നിന്നും ലഭിച്ചാൽ അത് അതിശയകരമായിരിക്കും.

ഇതിലൂടെ കർത്താവ ധനപ്രതാപത്തെയും അസമത്വത്തേയും നിഷ്പക്ഷമായി വിമർശിക്കുകയായിരുന്നു. ധനികത്വത്തിൽ നിന്നും അർപ്പിക്കുവാൻ എളുപ്പമാണ്. അതിന് മാന്യത പകരമായി മനുഷ്യർ കണക്കിടുമ്പോൾ, ഇല്ലായ്മയിൽ നിന്നും പകുതിയല്ല- പൂർണ്ണമായി കൊടുക്കന്നതാണ് ദൈവസന്നിധിയിൽ പ്രാധാന്യമേറിയത്. നാം പലപ്പോഴും മനുഷ്യരുടെ ഇടയിലെ മാന്യതയെ വന്ദ്യമായി കരുതുമ്പോൾ ദൈവമുമ്പാകെ അത് നിന്ദ്യമാണെന്നോർക്കുക. പ്രിയമുള്ളവരേ, ഇല്ലായ്മയിൽ നിന്ന് അർപ്പിച്ചതിന് വിലയുണ്ടെന്നും മനോഭാവം അതിലേറെ പ്രാധാന്യമർഹിക്കുന്നുവെന്നും യേശു പഠിപ്പിച്ചതുപോലെ ആത്മീയരായ നാമർപ്പിക്കുന്ന എല്ലാ കാര്യങ്ങളിലും യേശു എത്രത്തോളം മൂല്യം കൽപ്പിക്കുന്നുണ്ട് എന്ന് മനസ്സിലാക്കണം. ഇന്ന് പലകാര്യങ്ങളിലും മറ്റുള്ളവരാൽ മാറ്റിനിർത്തുന്ന അനുഭവം നിങ്ങൾക്കുണ്ടോ? യേശു മാന്യത നൽകും എന്നു മറന്നുപോകരുത്. ഒരിക്കൽ പ്രൗഢിയുള്ള ശിരസ്സുകളെ അവഗണിച്ചുകൊണ്ട് രണ്ടുകാശിന്റെ മൂല്യം ഉയർത്തിയ കർത്തൻ മാനിക്ക തന്നെ ചെയ്തു.

ആഢംബരമനോഭാവങ്ങളേക്കാൾ ആത്മിക കാഴ്ചപ്പാടുകൾക്ക് മുൻതൂക്കം കൊടുക്കാം. ഇഹലോകത്തിൽ ജയാളിയും പരലോകത്തിൽ പരാജിതനുമാവാതെ, കർത്താവിന്റെ കണ്ണുകളിൽ മൂല്യമുള്ളവരായി മാറാൻ ബദ്ധപ്പെടാം. നാഥൻ പ്രതിഫലം നൽകുന്ന നാൾ മുൻപിലുണ്ടെന്നോർത്തുകൊണ്ട് ഓട്ടം സ്ഥിരതയോടെ ലാക്കിലേക്ക് ഓടാം. ആഡംബരമേലാടയിൽ മറയപ്പെട്ടുപോയ ആത്മിക ജീവിതം പുറത്തെടുത്ത് വിശ്വസ്തവും ലാളിത്യവുമായ ഒരു ക്രിസ്തീയ പാതയിൽ മുന്നേറാം. ഓർക്കുക തിരിഞ്ഞു നടക്കുക എളുപ്പമാണ് കർത്താവ് മടങ്ങിവരവാണ് എപ്പോഴും നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. മറക്കാം പേരും പെരുമയും. നയിക്കാം ലളിതമായൊരു ക്രിസ്തീയജീവിതം.

## ബൈബിൾ പഠനക്ലാസ് സമാപിച്ചു

**വിവിധ ദൃശ്യങ്ങൾ**





## തീവ്രസുവിശേഷീകരണ പരിപാടി

വൈക്കം: ഐപിസി വൈക്കം സെന്റർ പ്രാദേശിക സഭാമേഖലയിലെ സുവിശേഷീകരണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി പുതിയ പരിപാടി ആവിഷ്കരിച്ചു. എല്ലാ സഭാ കേന്ദ്രങ്ങളിലും എല്ലാ മാസങ്ങളിലും സുവിശേഷ പ്രവർത്തനം നടന്നുവരുന്നു. പരസ്യയോഗം, ഭവനസന്ദർശനം, ആശുപത്രി സന്ദർശനം, മിനി കൺവൻഷനുകൾ എന്നിവ പ്രാ ദേശിക സഭയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പ്രവർത്തന റിപ്പോർട്ട് എല്ലാ മാസവും സെന്റർ മിഷൻ സെക്രട്ടറിയെ അറിയിക്കുന്നതാണ്.

കഴിഞ്ഞ രണ്ടു മാസങ്ങളിൽ ആയിരത്തിലധികം കുടുംബങ്ങളിൽ സുവിശേഷം എത്തിക്കാൻ കഴിഞ്ഞു. ഭവനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രാർത്ഥനാ വിഷയങ്ങൾ പ്രത്യേകം ടീം ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതിന് ക്രമീകരണം ചെയ്യുന്നതാണ്.



കഥ

## റാന്തൽ വിളക്ക്

പഴയ കാലം തൊട്ട് ഞാൻ ഉണ്ട്. പക്ഷെ ഇപ്പോൾ എന്നെ കാണുവാൻ ആർക്കും സാദ്ധ്യമല്ല. കാരണം ഞാനിപ്പോഴില്ല. എന്നെ പൂർണ്ണമായും എല്ലാവരും ഉപേക്ഷിച്ചു. എന്നാലും എനിക്കതിലൊന്നും നിരാശയില്ല. ആദ്യമൊക്കെ എന്നെക്കൊണ്ട് ഉപകാരമായിരുന്നല്ലോ. പഴയ വിശ്വാസികൾ എന്നെയും കൈയ്യിൽ ഏന്തി വരുമ്പോൾ ഞാൻ അഭിമാനം കൊണ്ടിരുന്നു. ദൂരവേ എല്ലാവർക്കും എന്നെ കാണുവാൻ കഴിയുമായിരുന്നു. എല്ലാ മീറ്റിംഗിനും ഞാനും പോകാറുണ്ട്. ഞാനും ആ വിശ്വാസികളുടെ കൂട്ടത്തിൽ അനുഗ്രഹം പ്രാപിച്ചായിരുന്നു പോയിരുന്നത്.അന്നത്തെ കാലഘട്ടം അതീവ സന്തുഷ്ടമായ കാലഘട്ടം ആയിരുന്നു. വളരെ ദീർഘ ദൂരം വിശ്വാസികൾ നടന്നിരുന്നു. സന്തോഷം മാത്രം അവരിൽ നിറഞ്ഞ് നിന്നിരുന്നു. എന്നാൽ ഞാൻ പലപ്പോഴും കറുത്ത് ഭംഗി നഷ്ടപ്പെട്ട് പോകാറുണ്ട്. എന്നാലും സാരമില്ല. മീറ്റിംഗ് തുടങ്ങുമ്പോൾ ഞാൻ നല്ല ഭംഗിയായി കാണപ്പെടും, മീറ്റിംഗ് തീരുമ്പോൾ എന്റെ ഭംഗി ഒക്കെ നഷ്ടപ്പെട്ട അവസ്ഥയിൽ ആയി മാറാറുണ്ട്. എന്നെപ്പോലെ നമ്മുടെ കർത്താവായ യേശു ക്രിസ്തു കോമള രൂപിയായിരുന്നിട്ടും നമുക്ക് വേണ്ടി വികൃതനായി മാറി, എന്തിന്? നമ്മുടെ പാപങ്ങൾ മായ്ച്ച് കളയുന്നതിന്. മുറിവുകളും മുൾകിരീടവും വഹിച്ച് നമുക്കെല്ലാവർക്കും വേണ്ടി, അത്രയൊന്നും ഞാൻ സഹിച്ചില്ലല്ലോ ഞാനും മറ്റുള്ളവർക്ക് ഒരു നൻമയാണല്ലോ എന്നോർക്കുമ്പോൾ എന്റെ ഈ അവസ്ഥകൾ സാരമില്ല എന്ന് ഞാൻ എണ്ണുകയാണ്. ഇപ്പോൾ ഞാൻ വനാന്തരങ്ങളിൽ ചെറിയ കുടിലുകളിൽ കാണപ്പെടുന്നു. കാരണം പുതിയ പുതിയ മാറ്റങ്ങൾക്ക് വഴി മാറി കൊടുക്കുവാൻ ഞങ്ങൾ നിർബന്ധിതരായി എങ്കിലും ഞങ്ങൾക്കതിൽ ദുഃഖമില്ല, കാരണം ആ ദൗത്യം ഭംഗിയായി ഇപ്പോൾ ചെയ്യുന്നുണ്ടല്ലോ. കാലഗതിക്കനുസരിച്ചുള്ള മാറ്റങ്ങൾ ഉൾകൊള്ളണമെന്നുള്ള സത്യം ഞങ്ങൾ മനസ്സിലാക്കുന്നു. അതാത് കാലങ്ങളിൽ ദൈവം ഏൽപിച്ച ദൗത്യം പൂർണ്ണമായും നിറവേറ്റുവാൻ എല്ലാവരെയും സർവ്വശക്തനായ ദൈവം പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിച്ച് കൊണ്ട് എന്റെ പേരാണ് ആ പഴയ റാന്തൽ വിളക്ക് എന്റെ കഥ ഇവിടെ പൂർണ്ണമാകുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.




ബെൻസി ടിനു, എറണാകുളം

## നിത്യതയിൽ



ചാക്കോ ജോസഫ്



ഇഗ്നാസി കെ. എം.

ഐപിസി കടപ്പൂർ സഭാംഗങ്ങളായ ഇഗ്നാസി കെ. എം. (90), ചാക്കോ ജോസഫ് (84) എന്നിവർ നിത്യതയിൽ ചേർക്കപ്പെട്ടു. സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

NIRBHAYA
AUG/SEP 2017

*Address*
IPC Vaikom Admin Office
Kaduthuruthy P.O., Pin - 686604

*Call & Email*
+91 8547906689
nirbhayavaikomipc@gmail.com

**ക്രിസ്തുവിനെ ധരിച്ചവർ അവന് സ്ത്രീകളോടുള്ള മനോഭാവത്തേയും ധരിച്ചിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിച്ച് പോകുകയാണ്.**



**സൗമ്യ കെ. എം**

# മതങ്ങളിലെ സ്ത്രീവിരുദ്ധത

മതസാമൂഹ്യ രാഷ്ട്രീയ സംവിധാനങ്ങളോടുള്ള കടുത്ത പ്രതിരോധം എന്ന നിലയിലാണ് പ്രവാചകമതങ്ങളെല്ലാം രൂപംകൊണ്ടത്. ബുദ്ധനും നബിയും ക്രിസ്തുവും വിവേകാനന്ദനും ശ്രീനാരായണഗുരുവും ഗുരുനാനാക്കും മതനവീകരണത്തിന്റെയും സാമൂഹിക പരിഷ്കരണത്തിന്റെയും വക്താക്കളായിരുന്നു. നിലവിലുള്ള എല്ലാ മതങ്ങളും ആചാരാനുഷ്ഠാനങ്ങളിലുൾപ്പെടെ വിവിധ രൂപങ്ങളിലുള്ള പരിണാമങ്ങൾക്ക് വിധേയമായെന്നതിന് ചരിത്രം സാക്ഷി. എന്നാൽ ഈ മാറ്റം തീവ്ര സ്ത്രീ വിരുദ്ധതയ്ക്ക് വഴിമാറുകയാണ് ഉണ്ടായത്. ഇവിടെ മുതൽ പുരുഷാധിപത്യം മതങ്ങളുടെ സവിശേഷ സ്വഭാവമായിത്തീർന്നു.

പ്രപഞ്ചോൽപത്തിയെക്കുറിച്ചുള്ള സങ്കൽപങ്ങൾ മുതൽ മോക്ഷത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽവരെ എല്ലാ മതങ്ങളും സ്ത്രീവിരുദ്ധമാണ്. വസ്ത്ര ധാരണം, സാമൂഹിക ഇടപെടൽ, മതസ്ഥാപനങ്ങളിലെ പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ മതങ്ങൾ സ്ത്രീകളെ മാറ്റി നിർത്തുമ്പോൾ, ഇതിന് അൽപമെങ്കിലും വ്യത്യാസമുള്ളത് ക്രൈസ്തവ സമൂഹത്തിലാണ്.

തന്നെ സ്ത്രീയായി ജനിപ്പിക്കാത്തതിൽ ദൈവത്തിന് നന്ദി പറയുന്ന യഹൂദാ പുരുഷ പ്രർഥന ആ സമൂഹം സ്ത്രീയെ എത്രത്തോളം അവമതിക്കുന്നു എന്നതിന് ഉദാഹരണമാണ്. മുപ്പത്തിമുക്കോടി ദൈവങ്ങളുള്ള ഹിന്ദുമതത്തിൽ ദേവിമാർ ധാരാളമുണ്ടെങ്കിലും സ്ത്രീയെ അശുദ്ധയായി കണക്കാക്കുന്നതിനാൽ ഈശ്വരന്റെ അരികിലേക്ക് വരുവാൻ സ്ത്രീക്ക് നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടതായി വരുന്നു. ആർത്തവ ദിനങ്ങളിൽ ക്ഷേത്രങ്ങളുടെ പടിക്കു പുറത്താണ് സ്ത്രീയുടെ സ്ഥാനം. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ഇപ്പോഴും തുടരുകയാണ്.

പൗരോഹിത്യമാണ് മതങ്ങളിൽ പുരുഷന്മാർക്ക് അമിതാധികാരം നൽകുന്നത്. ദൈവത്തിലെത്താനുള്ള മാർഗം ചൊല്ലിത്തരുന്നവർക്ക് ലഭിക്കുന്ന അപ്രമാദിത്തം വേദനകളിൽപ്പെട്ടുഴലുന്ന സാധാരണ വിശ്വാസികൾക്ക് മേൽ കടന്നാക്രമണം നടത്താനുള്ള അവകാശമായി മാറുന്നു. പൗരോഹിത്യം, അത്യപൂർവമായ ചില അപവാദങ്ങൾ ഒഴിച്ചുനിർത്തിയാൽ, പൂർണമായും പുരുഷാധിപത്യപരമാണ്. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം, സിഖ്, പാഴ്സി മതങ്ങളിലൊന്നുംതന്നെ പൗരോഹിത്യത്തിന്റെ ഉന്നത ശ്രേണികളിൽ സ്ത്രീകൾക്ക് പ്രവേശനമില്ല. എല്ലാ മതങ്ങളുടെയും ഈ സ്ത്രീവിരുദ്ധത സ്ത്രീപക്ഷ ചിന്തകൾ ഇന്നും ചോദ്യം ചെയ്യുന്നുണ്ട്. ഫെമിനിസ്റ്റ് തീയോളജി, മതങ്ങളിലെ പുരുഷാധിപത്യം ചോദ്യം ചെയ്യുകയും, വിശുദ്ധ ഗ്രന്ഥങ്ങൾ സ്ത്രീപക്ഷ വിമർശനത്തിന് വിധേയമാക്കുകയും ചെയ്യുന്നു.

സ്ത്രീകളെ വെറും വിശ്വാസികൾ മാത്രമാക്കുന്ന മതമേലധ്യക്ഷന്മാരുടെ നിലപാടിനെതിരേ കത്തോലിക്ക സ്ത്രീവാദികൾ പ്രതിഷേധവുമായി രംഗത്തെത്തിക്കഴിഞ്ഞു. ക്രിസ്റ്റീന കെന്നല്ലിയെ പോലുള്ള സ്ത്രീപക്ഷവാദികൾ പറയുന്നത് 'കത്തോലിക്കാസഭയുടെ നിലനിൽപ്പിന് എന്നെപ്പോലെയുള്ള സ്ത്രീവാദ കത്തോലിക്കാ വിശ്വാസികൾ ആവശ്യമാണെന്നാണ്.

21ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ ജീവിതം എല്ലാ പൗരാവകാശങ്ങളോടുംകൂടി സമത്വപൂർണമാകുന്നതിന് തടസം സൃഷ്ടിക്കുവാൻ മതങ്ങൾക്കോ മത പുരോഹിതന്മാർക്കോ അവകാശമില്ല. നിലവിലുള്ള ഭരണ സംവിധാനത്തിനും നിയമവ്യവസ്ഥയ്ക്കും കീഴ്പ്പെട്ടുമാത്രമേ മതപുരോഹിതന്മാർക്ക് ഒരു ജനാധിപത്യരാജ്യത്ത് ജീവിക്കുവാൻ കഴിയൂ. ഇന്ത്യൻ ഭരണഘടന സ്ത്രീ പുരുഷ സമത്വം മുന്നോട്ട് വയ്ക്കുമ്പോൾ, പിതാവായ ദൈവത്തിന് തന്റെ സൃഷ്ടിയായ സ്ത്രീയെ എങ്ങനെ മാറ്റി നിർത്തുവാൻ സാധിക്കും. ഇന്ത്യൻ നീതി ന്യായ വ്യവസ്ഥയേക്കാൾ നീതിപൂർണമാവണമല്ലോ ദൈവീക നിയമം. മതനിയമങ്ങളും ജനാധിപത്യ നിയമങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞുകൊണ്ട് മതവിശ്വാസികൾ തങ്ങളുടെ മതത്തെ ദുരുപയോഗം ചെയ്യുന്നത് തടയുകയാണ് വേണ്ടത്. അതാത് സമുദായങ്ങൾ നിലനിർത്തുന്നതും സംസ്കാരം കാത്തു സൂക്ഷിക്കുന്നതും സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണെന്ന് മതങ്ങൾ വരുത്തി തീർക്കുന്നു. വ്യഭിചാരം ആരോപിക്കപ്പെട്ട ഒരു സ്ത്രീയെ അനേകർ ചേർന്ന് യേശുവിന്റെ അടുക്കലേക്ക് കൊണ്ടുചെന്നു. മനുഷ്യപുത്രൻ പുരുഷാരത്തെ ആകമാനം വീക്ഷിക്കുകയും ശേഷം നിങ്ങളിൽ പാപം ചെയ്യാത്തവർ ഇവളെ കല്ലെറിയട്ടെ എന്നും പറഞ്ഞു. അവളെ വലിച്ചിഴച്ചുകൊണ്ടു ചെന്നവർ ക്രമേണ അവിടെനിന്നും പൊയ്ക്കളഞ്ഞു. അവന്റെ മിഴികൾ അഗാധങ്ങളായിരുന്നു മനുഷ്യർ മനുഷ്യനെ വിധിപ്പാൻ അവൻ ആഗ്രഹിച്ചില്ല. അനവധി മറിയമാർ ക്രിസ്തുവിൽ ആശ്വാസവും അഭയവും കണ്ടെത്തി.

അവൻ കന്യകാപുത്രൻ ആണെന്നറിയുമ്പോൾ മുതൽ ലോകം അവനെ വെറുത്തു തുടങ്ങിയെന്ന് ഞാൻ വിശ്വസിക്കുന്നു. ഭർത്താവില്ലാതെ ഒരു സ്ത്രീ പ്രസവിക്കുകയെന്നത് ലോകം സംശയത്തോടെ നോക്കുന്നു. പ്രപഞ്ചത്തിന്റെ മുഴുവൻ പ്രകാശത്തെ സംശയിക്കുന്നതിലും അവനെ ക്രൂശിച്ചതിലും എനിക്കത്ഭുതമില്ല. അവൻ സ്ത്രീകളിൽ കരുണയുള്ളവനായിരുന്നു. അവന്റെ കണ്ണുനീർ ഈ ഭൂമിയിൽ വീണത് രണ്ട് സ്ത്രീകൾക്ക് വേണ്ടിയായിരുന്നു. ക്രിസ്തുവിനെ ധരിച്ചവർ അവന് സ്ത്രീകളോടുള്ള മനോഭാവത്തേയും ധരിച്ചിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിച്ച് പോകുകയാണ്.

മതങ്ങൾ അവരുടെ അടിസ്ഥാന പ്രമാണങ്ങളായി അംഗീകരിക്കുന്നത് സ്നേഹവും കരുണയും സാഹോദര്യവും തന്നെയാണ്. എന്നാൽ ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മധ്യസ്ഥരായി പുരോഹിതന്മാർ സ്വയം മേലങ്കി അണിയുകയും ആ അധികാരത്തെ തെറ്റായരീതിയിൽ പ്രയോഗിക്കുകയും ചെയ്യുന്നതാണ് അപായകരം. സ്വന്തം മതത്തെ പുരോഗമനപരമായി നവീകരിക്കേണ്ടത് മതവിശ്വാസികൾ തന്നെയാണ്.

## മാസയോഗം

വൈക്കം: ഐ.പി.സി. വൈക്കം സെന്ററിന്റെ മാസയോഗം സെപ്റ്റംബർ 16 ന് നാല്പ്പാത്തിമല സഭയിൽ വെച്ച് നടക്കും. സുവി. മാമ്മൻ ചെമ്പകശ്ശേരി മുഖ്യാതിഥി ആയിരിക്കും. പാസ്റ്റർ സണ്ണി ചാക്കോ ഇവിടെ ശുശ്രൂഷിക്കുന്നു.

## സുവിശേഷ പ്രവർത്തനം

വൈക്കം സെൻറർ സോദരി സമാജത്തിന്റെയും ഇവാഞ്ചലിസം ബോർഡിന്റെയും ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 30-ന് ചീങ്കല്ലേൽ സഭയിൽ വെച്ച് നടത്തപ്പെടുന്നു.







## സ്വാതന്ത്ര്യദിന സന്ദേശറാലി

ഐപിസി വൈക്കം സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിന സന്ദേശറാലി നടന്നു. സെന്ററിന്റെ വിവിധ കേന്ദ്രങ്ങളിൽ പരസ്യയോഗവും ട്രാക്ട് വിതരണവും നടത്തി. കടുത്തുരുത്തി ഓഫീസ് അങ്കണത്തിൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് പതാക ഉയർത്തി. പാസ്റ്റർ എം. പി. ജെയിംസ് രാജ്യത്തിനുവേണ്ടി പ്രാർഥിച്ചു.

## ആശംസ

ക്രൈസ്തവ സാഹിത്യ രംഗത്തെ ശക്തമായ സാന്നിധ്യമായി നിർഭയ മാറിയിരിക്കുന്നു. ജാതിമത പ്രായഭേദമെന്യ സ്ത്രീകൾക്ക് ഏറെ ഉപകാരപ്പെടുന്ന ലേഖനങ്ങളാണ് നിർഭയയിലുള്ളത്. ആത്മിയ ലേഖനങ്ങളോടൊപ്പം സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട വസ്തുതകളടങ്ങിയ ലേഖനങ്ങൾക്കും നിർഭയ തുല്ല്യ പ്രാധാന്യം നൽകുന്നു എന്നത് ഇതര ക്രിസ്തീയ വനിതാ മാസികകളിൽ നിന്നും നിർഭയ വ്യത്യസ്തയാക്കുന്നു. നമ്മുടെ ക്രിസ്തീയ സമൂഹത്തിലെ താലന്തുള്ള സഹോദരിമാർ മുൻനിരയിലേക്ക് വരുന്നതിന് നിർഭയ പോലുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രചോദനം ആവശ്യമാണ്. തുടർന്നും ഈടുറ്റ ലേഖനങ്ങളും വാർത്തകളും പ്രതീക്ഷിക്കുന്നു. നിർഭയയ്ക്ക് എല്ലാവിധ ആശംസകളും! ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന ഏവരെയും സർവ്വശക്തൻ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

*സാലി അനിൽ*

## സെമിനാർ

ഐപിസി കോട്ടയം മേഖല സോദരി സമാജത്തിന്റെ ആഭിമുഖ്യത്തിൽ വിജയകരമായ കുടുംബജീവിതം യുവതലമുറ എന്ന വിഷയത്തിൽ ഏകദിനസെമിനാർ സെപ്റ്റംബർ 16, ശനിയാഴ്ച രാവിലെ 10 മുതൽ 1.30 വരെ കോട്ടയം സിയോൻ റ്റാബർനാക്കിൾ സഭാ ഹാളിൽ വച്ചു നടത്തുന്നതാണ്. ഡോ.ആനി ജോർജ്ജ് (അടൂർ), സിസ്റ്റർ എം. ചെറിയാൻ (കേരള സോദരി സമാജം ജോയിന്റ് സെക്രട്ടറി) എന്നിവർ ക്ലാസ് എടുക്കുന്നതാണ്.

**ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച് കടുത്തുരുത്തി**



**പാസ്റ്റർ ജോഷി സാമുവേൽ**
(9847945321)

**വെള്ളി: ഉപവാസപ്രാർത്ഥന**
(10.30 മുതൽ 1 വരെ)
**ഞായർ: ആരാധന**
(10 മുതൽ 1 വരെ)
**സണ്ടേസ്ക്കൂൾ**
(9.00 മുതൽ 9.45 വരെ)
**പി.വൈ.പി.എ**
(12.15 മുതൽ 1.30 വരെ)

ബ്രദർ സാം കെ. ജെ
(സെക്രട്ടറി) 9495213237

*Printed & Published by Raju Anicadu, on behalf of IPC Vaikom Center Sodari Samajam, Managing Editor - Omana Raju*